"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്തം നവകേരളം രണ്ടാം ഘട്ട പ്രവർത്തനങ്ങൾ - മാർഗ്ഗരേഖ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2531/2023/LSGD തീയതി,തിരുവനന്തപുരം, 20-12-2023

---

പരാമർശം:- 1. 07.10.2023 ലെ സ.ഉ.(സാധാ) നം 1971/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 4 ശീർഷം 6-ൽ നിലവിലുള്ള MCF/RRF-ൽ സ്ഥലപരിമിതി അനുഭവപ്പെട്ടുന്നെങ്കിൽ പുതിയ MCF/RRF കൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിനും നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ആയതിന് കാലതാമസം വരാൻ സാധ്യതയുണ്ടായാൽ ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടും. കാലതാമസം ഒഴിവാക്കാൻ പ്രസ്തുത നിർദ്ദേശത്തോടൊപ്പം ചുവടെ പറയുന്ന നിർദ്ദേശം കൂടി ഉൾപ്പെടുത്തി പരാമർശ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

'1.MCF/RRF/Community composting-നായി സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതുവരെ താത്ക്കാലികമായി MCF/RRF/Community composting പ്രവർത്തിക്കുന്നതിനുള്ള സൗകര്യത്തോടു കൂടിയ **നിയമാനുസൃത** കെട്ടിടം/ഗോഡൗൺ വാടകയ്ക്ക് എടുക്കാവുന്നതാണ്.

2.ഇത്തരത്തിൽ എടുക്കുന്ന കെട്ടിടത്തിന്റെ വാടക PWD/ LSGD Engineering Wing നിശ്ചയിക്കുന്ന നിരക്കിൽ ലഭ്യമാകാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ തദ്ദേശ സ്ഥാപനത്തിന്റെ തീരുമാനത്തിന് വിധേയമായി പരമാവധി 20 ശതമാനം വരെ വർദ്ധിപ്പിച്ച് നൽകാവുന്നതാണ്. 20 ശതമാനത്തിലും കൂടുതലാണെങ്കിൽ, അത്തരം കേസുകളിൽ നിരക്ക് സംബന്ധിച്ച ഉചിതമായ നിർദ്ദേശങ്ങൾക്കായി പ്രിൻസിപ്പൽ ഡയറക്ടർ, LSGD/ജില്ലാ കളക്ടർക്ക് അയക്കാവുന്നതാണ് .

3.ടി കെട്ടിടം/ ഗോഡൗണിന്റെ ഫിറ്റ്നസ് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയർ പരിശോധിച്ച് നൽകേണ്ടതാണ്".

2. മേൽ പറയുന്ന ഭേദഗതികളോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

പ്രോജക്റ്റ് ഡയറക്ടർ , കെ എസ് ഡബ്ല്യു എം പി

എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ

മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
ഡയറക്ടർ ജനറൽ , കില
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 20-12-2023 19:28:30
സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്